# അമേരിക്കൻ കഥകൾ

## മിനികഥകൾ

## എട്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി, അണ്ണന്റെ കഥയാണ് ഇപ്പോൾ പറയാൻ പോകുന്നത്. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നവരുടെ ഇടയിൽ ഇതുപോലെയുള്ള അണ്ണന്മാർ ഉണ്ട്.

മഹാദേവനും ഔസേപ്പും അമേരിക്കയിൽ എത്തിയത് സ്റ്റുടന്റ് വിസായിൽ ആണ്. രണ്ടുപേരും മെടിക്കൽ സയൻസിൽ ബഹു മിടുക്കരാണ്. രണ്ടുപേക്കും അമേരിക്കയിൽ സ്ഥിര താമസത്തിനായുള്ള ഗ്രീൻകാഡ് കിട്ടണം. മഹാദേവൻ ശ്രീ നാരായണ ഗുരുവിന്റെ ആൾക്കാർ ആണ്. ഔസേപ്പ് ക്രിസ്ത്യാനികളിലെ ഒരു പ്രത്യേക വക ഭേദത്തിൽ പെട്ടവരാണ്; രക്ഷിക്കപ്പെട്ട കൂട്ടത്തിലേതാണ്.

''സാറായേ നീ എവിടെയാണ്?'' ''നിന്റെ മടിയിൽ ഇട്ട പേരാണോ സാറായെന്ന്!''''പിന്നെ നിന്നെ സാറാകൊച്ചമ്മേയെന്ന് വിളിക്കണോ?'' അങ്ങിനെയാണ് സാറാകൊച്ചമ്മ എന്ന പേർ പ്രാബല്ല്യത്തിൽ വന്നത്. അങ്ങിനെ അന്നച്ചിയും സാറാകൊച്ചമ്മയും ഉറ്റ സ്നേഹിതരായി, നേഴ്സിംഗ് പഠിക്കാൻ വന്ന കാലം മുതൽ. അവർ ഒന്നിച്ച് ഒരു മുറിയിൽ, ഹോസ്റ്റലിൽ താമസമായി. രണ്ടു പേരും സഹമുറിയരായി. എടീ കൊച്ചേ, സാറാകൊച്ചമ്മേ എന്നെല്ലാം വിളിച്ച് അവർ ഇണപിരിയാ സുഹൃത്തുക്കളായി.

''അന്നച്ചീ, നീ അമേരിക്കയിൽ പോകുമ്പോൾ എന്നേയും ഓക്കുമോ എന്ന ചോദ്യത്തിന് അതിനു മുമ്പേ, നിന്നെ ഓത്തു കൊള്ളാമെന്ന് അന്നച്ചി പറയുകയും പ്രവത്തിക്കുകയും ചെയ്തു. അന്നച്ചി ജോസഫ് അച്ചായനെ വിവാഹം കഴിക്കുന്നതു വെരെ അവർ ഒരു മുറിയിൽ താമസിച്ച്, ഒരു കിടക്ക പങ്കിട്ട് ചെയ്യാൻ പാടുള്ളതും അല്ലാത്തതുമായ എല്ലാം ചെയ്തു. രണ്ടു പേരുടെയും അറിവുകൾ അവർ പരസ്പരം പങ്കിട്ടു. അന്നച്ചി വിവാഹിതയായ ശേഷം ഒറ്റപ്പെട്ട സാറാകൊച്ചമ്മ, വലിയ താമസം കൂടാതെ ഭവാനിയെ കൂടെ താമസിപ്പിച്ച് ആ കൊച്ചിനേയും പിഴപ്പിച്ചു. ഭവാനിയും ആള് മോശമല്ല എന്ന് അടുത്തറിഞ്ഞപ്പോളാണ് സാറാകൊച്ചമ്മ മനസ്സിയാത്.

അങ്ങിനെ അന്നച്ചി അമേരിക്കയിൽ വന്ന് അധികം കഴിയാതെ തന്നെ, സാറാകൊച്ചമ്മയും അമേരിക്കയിൽ എത്തി; അന്നച്ചിയുടെ സഹായം കൊണ്ട്. ജോസഫ് അച്ചായൻ അമേരിക്കയിൽ വരുന്നതുവെരെ, വീണ്ടും അന്നച്ചിയും സാറാകൊച്ചമ്മയും അമേരിക്കയിലും സഹമുറിയരായി വേണ്ടാതീനങ്ങൾ കാണിച്ച് ജീവിച്ചു. ''എന്റെ കൊച്ചേ, നമ്മൾ പെണ്ണുങ്ങൾ വിവാഹം കഴിച്ചു ആണുങ്ങളുടെ കൂടെ കഴിയുന്നതിലും എന്ത് സുഖമാണ് നമ്മൾ പെണ്ണുങ്ങൾ ഒന്നിച്ചു ജീവിക്കുന്നത്!'' അവസാനം അന്നച്ചി അതും പറഞ്ഞു. എന്തായാലും സാറാകൊച്ചമ്മ കിളവി ആയി മരിക്കുന്നതുവെരെ വിവാഹം കഴിക്കാതെ ആണ് കഴിഞ്ഞത്.

ജോസഫ് അച്ചായൻ വന്ന് അന്നച്ചിയുമായി ജീവിതം ആരംഭിച്ചപ്പോൾ, സാറാ കൊച്ചമ്മ തനിച്ചായി. അങ്ങിനെ അധികം നാൾ കഴിയുന്നതിന് മുമ്പ്, ഭവാനിയെ സഹായിച്ച് അമേരിക്കയിൽ എത്തിച്ച്, അവർ ഒന്നിച്ച് ജീവിച്ചു. ഈ കാലഘട്ടത്തിലാണ്, മഹാദേവൻ സ്വജാതിയിൽ പെട്ട ഒരു പെണ്ണിനെ വിവാഹം ചെയ്ത് അമേരിക്കയിൽ ജീവിക്കാൻ ആഗ്രഹിച്ചത്. ഭവാനിയ്ക്ക് അധികം പൊക്കം ഇല്ല; ഏകദേശം കറുത്ത നിറവുമാണ്. മഹാദേവനാണെങ്കിൽ മെല്ലിച്ച് നല്ല വെളുത്ത നിറവുമാണ്. ഇത്രയും തടിച്ചി ആയ പെണ്ണിനെ കെട്ടണോ എന്ന ചിന്തയിൽ, അമേരിക്കയിൽ സ്ഥിര താമസമാകണമെങ്കിൽ തൽക്കാലം ഇതേ മാഗ്ഗമുള്ളൂ എന്ന് അയാൾക്ക് ബോദ്ധ്യമായി. എന്നാൽ വിവാഹം കഴിഞ്ഞ് വളരെ അധികം താമസിയാതെ ഭവാനി മിടുക്കിയാണെന്ന് അയാൾക്ക് മനസ്സിലായി. ഇതൊരു തേങ്ങാപെണ്ണാണെന്ന് പറയുകയും ചെയ്തു. തേങ്ങായുടെ പുറം കാണുന്നതുപോലെയല്ലല്ലോ, കൂടാതെ രുചിച്ചു കഴിയുമ്പോളറിയാമല്ലോ, പൊന്നുരച്ച് പത്തരമാറ്റാണന്ന് മനസ്സിലാകുന്നത്. ഭവാനിയ്ക്ക് സ്വയം അറിയാവുന്നതും, സാറാകൊച്ചമ്മയിൽ നിന്ന് പഠിച്ചതുമെല്ലാം അവൾ അയാൾക്ക് വിളമ്പി. അങ്ങിനെ അവർ പരസ്പരം ജീവിതം ആസ്വദിച്ച്, ഓരോ വഷം ഇടവിട്ട് നാല് പെൺകുഞ്ഞുങ്ങളായപ്പൊൾ ഭവാനി സുല്ലിട്ടു; ഇനിയും പെറാൻ വയ്യായെന്ന് തീത്തും പറഞ്ഞു.

അടുക്കള മുതൽ അങ്ങാടി വെരെ, സകല കലാവല്ലഭനായ അയാളെ അവൾ അണ്ണനായി പേരിട്ടത്, നാട്ടുകാരുടെ മുഴവൻ അണ്ണനായി. അയാൾ എല്ലാവരേയും ജാതി മത ഭേദമെന്യേ സഹായിച്ചു, സ്നേഹിച്ചു; കളങ്കരഹിതനായി. ആ ചുറ്റുപാടിൽ ഉള്ള എല്ലാവക്കും എന്തു പ്രശ്നം വന്നാലും അണ്ണനുണ്ട് സഹായത്തിന്.

അധികം താമസിയാതെ ആ കുടുംബം അവിടെ നിന്ന് വളരെ അധികം ദൂരത്തേക്ക് പറിച്ചു നട്ടു. ഭവാനിക്ക് കുറേ കൂടെ നല്ല കാലാവസ്ഥ ഉള്ളടത്തേക്ക് മാറാൻ നിബ്ബന്ധിതനായി. പുതിയ സ്ഥലത്ത് ചെന്ന് വെറും സാധാരണ വിധത്തിലുള്ള ഒരു വീടു വാങ്ങി താമസിച്ചു. കയ്യിൽ ഉള്ള പണം കൊണ്ട് ചുരുക്കം എപ്പാട്ടുമെന്റുകൾ വാങ്ങി വാടകയ്ക്ക് കൊടുത്തു. അങ്ങിനെ വലിയ താമസം കൂടാതെ അവിടെ ഉണ്ടായിരുന്ന എല്ലാ എപ്പാട്ടുമെന്റുകളും വാങ്ങി. ആ എല്ലാ കെട്ടിടത്തിന്റേയും എല്ലാ അറ്റകുറ്റപണികളും അയാൾ തന്നെ ചെയ്തു. ജോലിയും എപ്പാട്ടുമെന്റു പണികളും വീട്ടു പണികളും എല്ലാം കൂടെ അയാളെക്കൊണ്ട് ചെയ്യാൻവയ്യാതായി. അയാളുടെ ആശുപത്രിയിലെ ഏറ്റവുംഉന്നതമായ ജോലികളയാൻ നിബ്ബന്ധിതനായി അപ്പോഴാണ്മനസ്സിലാകുന്നത്, ഭവാനി ജോലി ചെയ്തുണ്ടാക്കുന്ന പണം മുഴുവനും കരം കൊടുക്കുകയാണെന്ന്. കൂടാതെ അവൾ പ്രായമായതോടെ വളരെ ക്ഷീണിതയുമാണ്. അവളുടേയും ജോലി കളഞ്ഞു.

അവിടേയും ഉള്ള എല്ലാവരുടേയും പ്രിയങ്കരനായ അയാൾ അവിടെയുള്ള അവരുടെ സംഘടനയുടെ പ്രസിഡൻണ്ടായി. ആ പ്രചോദനത്തിലൂടെ മുൻപോട്ടുള്ള പോക്കിൽ അയാൾ ആ സ്ഥലത്തെ ഗവണ്ണറായി. കേരളത്തിൽ ജനിച്ചു പോയി; അതല്ലായിരുന്നെങ്കിൽ തീച്ചയായും അയാൾ അമേരിക്കൻ പ്രസിഡൻണ്ടാകുമായിരുന്നു എന്ന് ആൾക്കാർ പറഞ്ഞു.

നാലു മക്കളും പഠിച്ചു മിടുക്കരായി. മൂത്ത മോൾ ഒരു മുഹമ്മദീയനെ വിവാഹം കഴിച്ചു. രണ്ടാമത്തേത് ഒരു സർദാറിനെ; മൂന്നാമത്തേത് ഒരു ക്രിസ്ത്യാനിയേയും കൂടാതെ ഏറ്റവും ഒടുവിൽത്തേത് ഒരു പുലയനേയും. എന്നാലും എല്ലാവരും ഉന്നത വിദ്യാഭ്യാസമുള്ളവരായിരുന്നു. നെഹ്രു കുടുംബം പോലെ നാനാ ജാതി മതസ്ഥരായ ഉന്നത വിദ്യാഭ്യാസമുള്ള ഇന്ത്യാക്കാരാണെന്നാണ് ഭവാനിയുടെ സമാധാനം.

അവൾ എല്ലാ വിധത്തിൽ കൂടെയും അയാളെ സുഖിപ്പിച്ച്, അയാൾക്ക് മനസമാധാനം കൊടുത്തതു കൊണ്ട് അയാൾ പരിശ്രമിച്ച് ഉന്നത നിലയിലെത്തി എന്നാണ് സാറാകൊച്ചമ്മ എപ്പോഴും പറയുന്നത്. കൂടാതെ ഭവാനി വീടിന്റെ ഒരു മുറി പ്രാത്ഥനാ മുറിയാക്കി, ലോകത്തിൽ ഉള്ള എല്ലാ ദൈവത്തിന്റേയും പടങ്ങൾ വെച്ച് എല്ലാ തിരികളും കത്തിച്ച് എന്നും അവരോടെല്ലാം പ്രാത്ഥിക്കുകയും ചെയ്യുന്നുണ്ട്. അന്നച്ചി പറയുന്നത് അവളുടെ പ്രാത്ഥനകൊണ്ടാണ് അവക്ക് ഈ നല്ല നില വന്നതെന്നാണ്. എന്തായാലും ഒരു കുടുംബത്തിന്റേയും പുരുഷന്റേയും ഉന്നതിക്കു പിന്നിൽ ഒരു സ്ത്രീ ഉണ്ട്.